## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2258** — **05/12/2018-ൽ മറുപടിക്ക്**

## ഡ്രഗ് കൺട്രോൾ ഇൻസ്പെക്ടർ തസ്തിക

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. ഇ.കെ.വിജയൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് നിലവിലുള്ള ഡ്രഗ് കൺട്രോൾ ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളാണ് ഉള്ളത്. |
| ബി) | ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ; | ബി) | നിലവിൽ 8 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്. |
| സി) | ധാരാളം കമ്പനികൾ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കപ്പെടുമ്പോൾ കൂടുതൽ ഡ്രഗ് ഇൻസ്പെക്ടർ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | സി) | കൂടുതൽ ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക അനുവദിക്കുന്ന വിഷയം തത്കാലം പരിഗണനയിലില്ല. |
| ഡി) | കുറിപ്പടി ഇല്ലാതെ മരുന്ന് വിൽക്കുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കാമോ; | ഡി) | ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് പ്രകാരം മരുന്നുകളെ Schedule H, H1, X എന്നീ വിഭാഗത്തിലും, ഇത് കൂടാതെ, 'Over The Counter Products' ആയും തരം തിരിച്ചിട്ടുണ്ട്. ഇവയിൽ Schedule H, H1, X വിഭാഗത്തിൽപ്പെട്ട മരുന്നുകളാണ് കുറിപ്പടിയോടു കൂടി മാത്രം വിൽപ്പന നടത്തുവാൻ പാടുള്ളവയെന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. കൂടാതെ, Schedule H1 വിഭാഗത്തിൽ ഉൾപ്പെട്ട മരുന്നുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ അവരുടെ പതിവ് പരിശോധനവേളകളിൽ Schedule H1 രജിസ്റ്ററുകളും, വാങ്ങൽ-വിൽപ്പന രേഖകളും, പരിശോധിക്കുകയും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

| | | | |
|---|---|---|---|
| ഇ) | കോഴിക്കോട് ജില്ലയിൽ ലഹരി പദാർത്ഥങ്ങൾ മെഡിക്കൽ സ്റ്റോറുകൾ വഴി വിറ്റതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | ഇ) | കോഴിക്കോട് ജില്ലയിൽ ലഹരി പദാർത്ഥങ്ങളോ, അവ അടങ്ങിയ മരുന്നുകളോ, വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**